"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിലെ 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ 5,18,000/- തുകയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1946/2026/LSGD തീയതി,തിരുവനന്തപുരം, 15-10-2026

പരാമർശം:-
1. സർക്കാർ ഉത്തരവ് (കൈ) നം.89/2006/ത.സ്വ.ഭ.വ; തീയതി 31.03.2006.
2. പഞ്ചായത്ത് ഡയറക്ടറുടെ 02.07.2014 ലെ എം3-23406/14 നമ്പർ കത്ത്.
3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 28.04.2017 ലെ കെ.എസ്.എ 6011/പി.റ്റി2/2016 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീക്ക് വേണ്ടി പിക്കപ്പ് വാങ്ങിയത് പരാമർശം (1) ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നും, സർക്കാരിൽ നിന്ന് ആവശ്യമായിരുന്ന മുൻകൂർ അനുമതി വാങ്ങാതെയും, വേണ്ടത്ര സാദ്ധ്യത പഠനം നടത്താതെയുമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന്, പ്രസ്തുത വാഹനം വാങ്ങിയ തുകയായ 5,18,000/- രൂപ ചെലവിന്, അടാട്ട് ഗ്രാമ പഞ്ചായത്തിലെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 പ്രകാരം ഓഡിറ്റ് തടസ്സം രേഖപ്പെടുത്തിയിരുന്നു.

2) അടാട്ട് ഗ്രാമപഞ്ചായത്തിൽ 2011-12 വർഷത്തെ വികസന പദ്ധതിയിലുൾപ്പെടുത്തി കുടുംബശ്രീ യൂണിറ്റിന്റെ വനിതാ വ്യവസായ സംരംഭമായ കേരശ്രീ യൂണിറ്റിന്റെ വികസനത്തിനായി പഞ്ചായത്തിലെ പ്രിയദർശിനി കുടുംബശ്രീ യൂണിറ്റിന് മഹീന്ദ്ര പിക്കപ്പ് വാൻ വാങ്ങി നൽകിയതിനും വാഹനത്തിന്റെ പിൻഭാഗത്ത് ഗ്രിൽവർക്ക് ചെയ്തതിനും 5,18,000/- രൂപ ചെലവഴിച്ചിട്ടുള്ളതാണെന്നും, ടി കുടുംബശ്രീ യൂണിറ്റ് ഉല്പാദിപ്പിക്കുന്ന കേരശ്രീ വെളിച്ചെണ്ണയുടെ വിറ്റുവരവ് കൂട്ടുന്നതിന് വേണ്ടി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെയാണ് വാഹനം വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കിയതെന്നും, ടി പ്രോജക്ട് നടപ്പിലാക്കിയതുവഴി കേരശ്രീ വെളിച്ചെണ്ണ യൂണിറ്റിന്റെ വിറ്റുവരവ് കൂടിയിട്ടുള്ളതായും അടാട്ട് ഗ്രാമ പഞ്ചായത്ത് ഭരണസമിതി വിലയിരുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് വികസനഫണ്ടിൽ നിന്ന് വകയിരുത്തി നടപ്പിലാക്കിയ "കുടുംബശ്രീ

യൂണിറ്റിന് വാഹനം" എന്ന 190/12 നമ്പർ പ്രൊജക്റ്റ് പ്രകാരം ചെലവഴിച്ച 518000/-രൂപക്ക് സാധൂകരണം ലഭ്യമാക്കുന്നതിന് അടാട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. കൂടാതെ, 2012-2013 കാലഘട്ടം മുതൽ കെ.എസ്.ഇ.ബിയുടെ മേൽനോട്ടത്തിൽ ചെയ്തുവരുന്ന തെരുവ് വിളക്ക് പരിപാലനം പദ്ധതിയിൽ ഉൾപ്പെടുത്തി ടി വാഹനം ഉപയോഗിച്ചുവരുന്നതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മുൻകൂർ അനുമതിയില്ലാതെയാണ് വാഹനം വാങ്ങിയതെങ്കിലും, വാഹനം മാലിന്യ നിർമ്മാർജ്ജനത്തിനും, കുടുംബശ്രീ യൂണിറ്റിന്റെ ആവശ്യങ്ങൾക്കും, തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനും, ഉപയോഗിക്കുന്നുണ്ടെന്ന പഞ്ചായത്ത് സമിതിയുടെ മറുപടി പരിഗണിച്ച് മേൽ വിഷയത്തിൽ സാധൂകരണം നൽകുന്നത് സംബന്ധിച്ച് സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അടാട്ട് ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിനനുസൃതമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ, ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ അനുകൂല ശിപാർശ, പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ, സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പരിഗണിച്ചും, മേലിൽ ഇത്തരം തെറ്റായ നടപടികൾ ആവർത്തിക്കരുത് എന്ന് അടാട്ട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയ്ക്ക് താക്കീത് നൽകിക്കൊണ്ടും, തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിലെ 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 3.1 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 5,18,000/- (അഞ്ച് ലക്ഷത്തി പതിനെട്ടായിരം രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ
സെക്രട്ടറി, അടാട്ട് ഗ്രാമപഞ്ചായത്ത് (ജോയിന്റ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവരസാങ്കേതിക പൊതുജനസമ്പർക്ക് വകുപ്പ്,
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Royi J
Date: 15-10-2026
17:05:46

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1.ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്